## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പരിശോധന

127 (2605) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൻ കീഴിലുള്ള പരിശോധനാ വിഭാഗം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ എത്ര പ്രാവശ്യം പരിശോധന നടത്തിയിട്ടുണ്ട് ;

(ബി) ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം പ്രസ്തുത സ്ഥാപനത്തിൽ സർക്കാർ ഗ്രാന്റിന്റെ ദുരുപയോഗമോ നിയമനങ്ങളിലെ ക്രമക്കേടുകളോ വിദ്വേനയിലെ അപാകതയോ തിരിമറിയോ കണ്ടുപിടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) ഗുരുതരമായ ധനദുർവിനിയോഗം നടത്തിവരുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർക്കെതിരെ പരിശോധനാ വിഭാഗം എന്തു നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട് ; ശുപാർശയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടുപ്രാവശ്യം പരിശോധന നടത്തിയിട്ടുണ്ട്. ഇതിൽ ഒരു പരിശോധന ആരംഭിച്ചിട്ടുള്ളത് 2010 അവസാനമാണ്. ആയത് പൂർത്തിയായിട്ടില്ല.

(ബി) ജീവനക്കാരുടെ നിയമനങ്ങളിൽ അപാകത കണ്ടെത്തിയിട്ടുണ്ട്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ 1-7-1997-ലെ വി2/356/96/സിൽ പ്രകാരമുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ട് ഡി.റ്റി.പി. ഓപ്പറേറ്റർമാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയും ക്രമവിരുദ്ധമായി അവരുടെ നിയമനം സാധൂകരിച്ച് നൽകിയതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇ.പി.എഫ്. തുക ട്രഷറിയിൽ അടയ്ക്കുന്നതിനായി ബന്ധപ്പെട്ടും ഇ.പി.എഫിൽ നിന്നും തുക പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള ക്രമക്കേടുകളുടെ പേരിൽ ഉത്തരവാദിയായ സെക്ഷൻ ക്ലാർക്കിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് സർക്കാരിലേക്ക് ലഭിക്കേണ്ട തുക ജീവനക്കാരിൽ നിന്നും പലിശ സഹിതം ഈടാക്കാൻ ശുപാർശ ചെയ്തിരുന്നു. എങ്കിലും സാംസ്കാരിക വകുപ്പ് ഇതിന്മേൽ എന്തെങ്കിലും നടപടി എടുത്തതായി അറിയിച്ചിട്ടില്ല. കൂടാതെ എൽ.ഡി. ബൈന്ററായിരുന്ന ജീവനക്കാരിക്ക് അനധികൃതമായി ഉദ്യോഗക്കയറ്റം നൽകിയതിന്റെ പേരിൽ ഉണ്ടായ കേസിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കേസ് നടത്തിപ്പിനുള്ള ചെലവുകൾ ഈടാക്കി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫണ്ടിൽ അടയ്ക്കാൻ ശുപാർശ ചെയ്തു. ഇതിന്മേൽ സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടില്ല. 8/2012-ലെ പെൻഷൻ വിതരണം ചെയ്തതിൽ വീഴ്ച വരുത്തുകയും ബാക്കി വന്ന തുക ട്രഷറിയിൽ തിരിച്ചടച്ചിട്ടില്ലാത്തതായി കണ്ടെത്തുകയും ചെയ്തതിന്റെ പേരിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫിനാൻഷ്യൽ അസിസ്റ്റന്റിൽ നിന്നും ടി തുക 12% പലിശയുൾപ്പടെ ഈടാക്കാൻ ശുപാർശ ചെയ്തിരുന്നു. ആയത് ഇതിനകം തന്നെ ഈടാക്കി ജില്ലാ ട്രഷറിയിൽ അടച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly